# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

11-11-2019 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4023**

## ഇടക്കൊച്ചിയിലെ ഉപയോഗശൂന്യമായ ടഗ് നീക്കം ചെയ്യാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) | |
| (എ) | 1996 ൽ തുറമുഖവകുപ്പിനു വേണ്ടി നിർമ്മിക്കുന്നതിനായി കരാർ നൽകിയിരുന്നതും എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിലെ പാമ്പായിമൂലയ്ക്ക് കിഴക്കുവശം വേമ്പനാട് കായലിൽ വർഷങ്ങളായി മത്സ്യബന്ധനത്തിനും പരിസ്ഥിതിക്കും ദോഷകരമായ രീതിയിൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ ടഗ് നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | 1996-ൽ 600 എച്ച്.പി. ശേഷിയുള്ള ഒരു ടഗ്ഗ് നിർമ്മിക്കാൻ തുറമുഖ ഡയറക്ടർ ഇടക്കൊച്ചിയിലുള്ള ഡെൽറ്റാ മറൈൻ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കി ടി യാനം തുറമുഖ വകുപ്പിന് കൈമാറാൻ പ്രസ്തുത കമ്പനിക്ക് കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള സമയത്ത് ജലയാനം കൈമാറാത്തതിനാൽ ടി കമ്പനിയുമായുള്ള കരാർ തുറമുഖ ഡയറക്ടർ റദ്ദ് ചെയ്യുകയും ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്കെതിരെ ടി കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം തീർപ്പാകാത്തതിനാലും ടഗ്ഗ് തുറമുഖ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതിനാലും തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. |
| (ബി) | ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ; | | |
| (സി) | ഇതു സംബന്ധിച്ച് തുറമുഖവകുപ്പ് ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നാണ് ഫയൽ ചെയ്തത്; പ്രസ്തുത കേസ് തീർപ്പാക്കി മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം | (സി) യും (ഡി) യും | ഇതു സംബന്ധിച്ച് തുറമുഖ വകുപ്പ് ബഹു. ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടില്ല. M/s ഡൽറ്റ മറൈൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.2014/2011 കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ |

| | | | |
|---|---|---|---|
| | കാണുന്നതിലെ കാലതാമസ ത്തിന് കാരണം വിശദമാ ക്കാമോ ; | | ടഗ്ഗ് നീക്കം ചെയ്യുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത ടഗ് എന്നത്തേക്ക് നീക്കം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | ഇതു സംബന്ധിച്ച് ഇടക്കൊച്ചി വേമ്പനാട് കായൽ സംരക്ഷണ സമിതി സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ? | (ഇ) | ഇല്ല. M/s ഡൽറ്റ മറൈൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.2014/2011 കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടഗ്ഗ് നീക്കം ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**